# കേരളസർവകലാശാല

നം.പി.ആർ.110/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ്, എം.കോം. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി, മേഴ്സിചാൻസ്) പരീക്ഷകളുടെഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജൂൺ 12 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി) പരീക്ഷകളുടെഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജൂൺ 13 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് (റെഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജൂൺ 12 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (റെഗുലർ, സപ്ലിമെന്ററി & മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജൂൺ 13 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സിചാൻസ് വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂൺ 15 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ./ ബി..എസ്‌സി/ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല ജൂൺ 15 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എം.സി.ജെ./എം.എസ്.ഡബ്ല്യു./എം.എ.എച്ച്.ആർ.എം./എം.എം.റ്റി.റ്റി.(റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ) വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ 2023 ജൂൺ 7 വരെ നീട്ടിവച്ചിരിക്കുന്നു. പിഴകൂടാതെ ജൂൺ 7 വരെയും 150 രൂപ പിഴയോടെ ജൂൺ 9 വരെയും 400 രൂപ പിഴയോടെ ജൂൺ 10 വരെയും SLCM പോർട്ടൽ www.slcm.keralauniversity.ac.in മുഖേന അപേക്ഷിക്കാം. 2021, 2022 അഡ്മിഷൻ വിദ്യാർത്ഥികൾ സർവകലാശാലയുടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടക്കുന്ന തുക രജിസ്ട്രേഷന് പരിഗണിക്കുന്നതല്ല. 2019, 2020 അഡ്മിഷൻ വിദ്യാർത്ഥികൾ exams.keralauniversity.ac.in എന്ന പോർട്ടൽ മുഖേന രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. (സി.ബി..സി..എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2023 ജൂൺ 6 മുതൽ 15 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ E.J V(അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ ശാസ്താംകോട്ട ഡി.ബി. കോളേജിൽ 2023 ജൂണിൽ തുടങ്ങുന്ന പി.എസ്.സി അംഗീകരിച്ച ആറുമാസ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.), സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (സി.സി.എ.) കോഴ്സുകൾക്ക് അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു, പ്രായപരിധി ഇല്ല. ക്ലാസ്സ്: ശനി, ഞായർ, അവധി ദിവസങ്ങളിൽ. മറ്റു കോഴ്സുകൾ ചെയ്യുന്നവർക്കും ജോലിയുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷാഫോമും പ്രോസ്പെക്ടസും www.ksmdbc.ac.in കൂടുതൽ വിവരങ്ങൾക്ക് 9446475975.

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൊയോള കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് 2023 ജൂൺ 20 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു, ഇപ്പോൾ സർക്കാർ സർവീസിലുള്ളവർക്ക് എസ്.എസ്.എൽ.സി. യോഗ്യത മതിയാകും. അപേക്ഷാഫോം 100 രൂപ. ശ്രീകാര്യത്തുള്ള ലൊയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷ ഫോം ലഭ്യമാകും. അപേക്ഷ ഫോം തപാലിൽ ലഭിക്കേണ്ടവർ പ്രിൻസിപ്പാളിന്റെ പേരിലെടുത്ത 100 രൂപയുടെ ഡി.ഡി.യും, സ്വന്തം മേൽവിലാസമെഴുതി 5 രൂപ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം അപേക്ഷിക്കുക. വിലാസം: പ്രിൻസിപ്പാൾ, ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം – 695 017, ഫോൺ: 0471 – 2592059, 2591018.

തിരുവനന്തപുരം
03.06.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240